# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2348** **08.03.2017-ൽ മറുപടിയ്ക്ക്**

**നികുതി നഷ്ടം**

| | ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | | മറുപടി<br>ഡോ. ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നോട്ടു നിരോധനത്തെ തുടർന്ന് വിവിധ മേഖലകളിൽ എത്ര കോടി രൂപയുടെ നികുതി നഷ്ടം ഇതുവരെ ഉണ്ടായിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ? | (എ) | കേന്ദ്ര സർക്കാർ കറൻസി പിൻവലിച്ച ശേഷം ഓരോ വകുപ്പും പ്രതീക്ഷിച്ച നികുതി വരുമാനത്തിൽ വന്ന കുറവ് ചുവടെ ചേർക്കുന്നു:-<br>**വാണിജ്യനികുതി വകുപ്പ്:-** ഡിസംബർ - ജനുവരി മാസങ്ങളിൽ പ്രതീക്ഷിച്ച ആകെ നികുതി വരുമാനം 6329 കോടി രൂപയായിരുന്നു. എന്നാൽ 5479.39 കോടി രൂപയാണ് ലഭിച്ചത്. 849.61 കോടി രൂപയുടെ കുറവുണ്ടായി.<br>**എക്സൈസ് വകുപ്പ്:-** പ്രതീക്ഷിച്ച നികുതി വരുമാനം 541.22 കോടി രൂപയായിരുന്നു. എന്നാൽ ഈ കാലയളവിൽ ലഭിച്ച തുക 439.65 കോടി രൂപയാണ്. പ്രതീക്ഷിച്ച നികുതി വരുമാനത്തിൽ 101.57 കോടി രൂപയുടെ കുറവുണ്ടായി.<br>**രജിസ്ട്രേഷൻ വകുപ്പ്:-** പ്രതീക്ഷിച്ച നികുതി വരുമാനം 839.40 കോടി രൂപയായിരുന്നു. എന്നാൽ 527.6 കോടി രൂപയാണ് നികുതി വരുമാനമായി ലഭിച്ചത്. അതായത് 311.80 കോടി രൂപയുടെ കുറവുണ്ടായി.<br>**ലാന്റ് റവന്യൂ വകുപ്പ്:-** ഈ ഇനത്തിൽ 295.14 കോടി രൂപ പ്രതീക്ഷിച്ചതിൽ 230.56 കോടി രൂപ മാത്രമേ പിരിച്ചെടുക്കാൻ സാധിച്ചിട്ടുള്ളൂ. 64.58 |

| | | | |
|---|---|---|---|
| | | | കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്.<br>**<u>മോട്ടോർ വാഹന വകുപ്പ്</u>:-** പ്രസ്തുത കാലയളവിൽ പ്രതീക്ഷിച്ച നികുതി വരുമാനം 722.04 കോടി രൂപയായിരുന്നു. അതിൽ 605.56 കോടി രൂപയാണ് പിരിച്ചെടുത്തിട്ടുള്ളത്. 116.48 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**